**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊവിഡ് 19 - പ്രത്യേക സാഹചര്യം പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തു നികുതി പിഴകൂടാതെ അടയ്ക്കുന്നതിനും വ്യാപാര ലൈസൻസ് ഉൾപ്പെടെയുള്ള വിവിധ ലൈസൻസുകൾ പുതുക്കുന്നതിനും വിനോദ നികതി അടയ്ക്കുന്നതിനുമുള്ള അവസാന തീയതി 30.06.2020 വരെ ദീർഘിപ്പിച്ച് നൽകിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക കുടിശ്ശിക പിഴ ഒഴിവാക്കി അടയ്ക്കുന്നതിനുള്ള സമയപരിധി 05.07.2020 വരെ ദീർഘിപ്പിച്ച് നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം.1062/2020/ത.സ്വഭ.വ. തീയതി, തിരുവനന്തപുരം.05.06.2020

---

പരാമർശം:
1) സ.ഉ.(സാധാ)നം.414/2020/തസ്വഭവ തീയതി 18.02.2020.
2) സ.ഉ.(സാധാ)നം.509/2020/തസ്വഭവ തീയതി 28.02.2020.
3) സ.ഉ.(സാധാ)നം.695/2020/തസ്വഭവ തീയതി 20.03.2020.
4) സ.ഉ.(സാധാ)നം.802/2020/ത.സ്വഭ.വ. തീയതി, 29.04.2020
5) സ.ഉ.(സാധാ)നം.820/2020/ത.സ്വഭ.വ. തീയതി 04.05.2020

**ഉത്തരവ്**

സംസ്ഥാനത്ത് കൊവിഡ് 19 - മായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യം പരിഗണിച്ച് , പൊതുജനങ്ങളും വ്യാപാരികളും മറ്റ് സംരംഭകരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തു നികുതി പിഴകൂടാതെ അടയ്ക്കുന്നതിനും വ്യാപാര ലൈസൻസ് ഉൾപ്പെടെയുള്ള വിവിധ ലൈസൻസുകൾ പുതുക്കുന്നതിനും വിനോദ നികതി അടയ്ക്കുന്നതിനുമുള്ള അവസാന തീയതി 31.05.2020 വരെ ദീർഘിപ്പിച്ചുകൊണ്ട് പരാമർശം(5) പ്രകാരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക കുടിശ്ശിക പിഴ ഒഴിവാക്കി അടയ്ക്കുന്നതിനുള്ള സമയപരിധി 05.06.2020 വരെ ദീർഘിപ്പിച്ച് കൊണ്ട് പരാമർശം (4) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

നിലവിലെ അടിയന്തര സാഹചര്യം പരിഗണിച്ച് വസ്തു നികുതി പിഴകൂടാതെ അടയ്ക്കുന്നതിനും വ്യാപാര ലൈസൻസ് ഉൾപ്പെടെയുള്ള വിവിധ ലൈസൻസുകൾ പുതുക്കുന്നതിനും വിനോദ നികതി അടയ്ക്കുന്നതിനുമുള്ള അവസാന തീയതി 30.06.2020 വരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക കുടിശ്ശിക പിഴ ഒഴിവാക്കി അടയ്ക്കുന്നതിനുള്ള സമയപരിധി 05.07.2020 വരെയും ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

പ്രിൻസിപ്പൽ സെക്രട്ടറി(അർബൻ)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).

പ്രസിഡന്റ്, കേരള ഫിലിം ചേംബർ ഓഫ് കോമേഴ്സ്, കൊച്ചി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (ഡി എ)വകുപ്പ്.
തദ്ദേശ സ്വയം ഭരണ (ഡി സി)വകുപ്പ്.
തദ്ദേശ സ്വയം ഭരണ (എഫ് എം)വകുപ്പ്.
തദ്ദേശ സ്വയം ഭരണ (ആർ ഡി)വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ആർസി.2/388/2017/ത.സ്വ.ഭ.വ. & ആർസി3/108/2019/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

Danniya M

സെക്ഷൻ ഓഫീസർ